(2) ചിറ്റൂർ മണ്ഡലത്തിലെ പട്ടഞ്ചേരി-നല്ലേപ്പുള്ളി സർവ്വീസ് സഹകരണ ബാങ്കിലെ തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുണ്ടായ അതിക്രമം

ശ്രീ. കെ. അച്ചുതൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ പട്ടഞ്ചേരി-നല്ലേപ്പുള്ളി സർവീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് വോട്ട് ചെയ്യാൻ വന്ന സ്ത്രീകൾക്ക് എതിരായി അക്രമങ്ങളുണ്ടായി. ആ സ്ത്രീകളെ അടിച്ച് ഓടിക്കുകയും ഓടിപ്പോയ സ്ത്രീകളെ കല്ലെറിഞ്ഞു വീഴ്ത്തി കാല് ഒടിയുകയും ചെയ്ത സംഭവമുണ്ടായി. പല സ്ത്രീകളും അവരുടെ ഐഡന്റിറ്റി കാർഡ് ജാക്കറ്റിനകത്ത് ഒളിച്ചു വച്ചാണ് പോയത്. അവരുടെ ദേഹപരിശോധന നടത്തി ജാക്കറ്റിനകത്ത് കയ്യിട്ട് ഐഡന്റിറ്റി കാർഡ് എടുക്കുന്നതിനായി ജാക്കറ്റ് നിർബന്ധമായി പിടിച്ച് വലിച്ചു കീറിയ സംഭവമുണ്ടായി. അങ്ങനെ നൂറു കണക്കിനു സ്ത്രീകളെ ആക്രമിച്ച സംഭവത്തിൽ വനിതാ കമ്മിഷനു പരാതി കൊടുത്തു. മുണ്ട് ഉടുക്കുന്ന സ്ത്രീകൾ ഐഡന്റിറ്റി കാർഡ് അവരുടെ മുണ്ടിന്റെ മടിക്കുത്തിൽ വച്ചതിന് ഒരു സ്ത്രീയെ മുണ്ടു പിടിച്ച് വലിച്ച് അടിവസ്ത്രത്തോടു കൂടി റോഡിൽ നിറുത്തിയ സംഭവമുണ്ടായി. നൂറുകണക്കിന് ആളുകളും പോലീസും നോക്കി നിൽക്കെ വാവിട്ടു കരയുന്ന ആ സ്ത്രീയുടെ കാര്യമെല്ലാം സംബന്ധിച്ച് വനിതാ കമ്മിഷനു പരാതി കൊടുത്തു. കമ്മിഷൻ അന്വേഷണം നടത്തി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് വനിതാ കമ്മിഷൻ തെളിവെടുപ്പിനു വന്നു. നൂറുകണക്കിന് സ്ത്രീകളിൽ നിന്നും തെളിവെടുപ്പു നടത്തി. റോഡിൽ വീണ് കാലൊടിഞ്ഞ ആ സ്ത്രീക്ക് ഇപ്പോഴും നടക്കാൻ കഴിയാതിരിക്കുന്ന സാഹചര്യമാണ്. വനിതാ കമ്മിഷൻ റിപ്പോർട്ട് ഗവൺമെന്റിന് കിട്ടിയിട്ടുണ്ടെന്നാണ് അറിയുന്നത്. ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. അതിന്റെ അന്വേഷണ റിപ്പോർട്ടും നടപടിയും എന്താണെന്ന് ഗവൺമെന്റ് വ്യക്തമാക്കണം. ഈ സഭയ്ക്കും ജനങ്ങൾക്കും അത് അറിയാൻ താൽപര്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, പാലക്കാട് ചിറ്റൂർ നല്ലേപ്പുള്ളി സർവ്വീസ് സഹകരണ ബാങ്കിലേക്ക് 27.12.98-നു നടന്ന തെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യാൻ എത്തിയ മെമ്പറന്മാരെ ദേഹോപദ്രവമേൽപിച്ചതായും ഐഡന്റിറ്റി കാർഡ് നശിപ്പിച്ചതായുമുള്ള പരാതികളിന്മേൽ ചിറ്റൂർ പോലീസ് സ്റ്റേഷനിൽ രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ക്രൈം 251/98-ാം നമ്പരായി രജിസ്റ്റർ ചെയ്ത കേസിൽ 14 പ്രതികളെയാണ് അറസ്റ്റു ചെയ്ത് കോടതിയിൽ ഹാജരാക്കുകയും കുറ്റപത്രം സമർപ്പിക്കുകയും ചെയ്തത്. ക്രൈം 3/99-ാം നമ്പരായ കേസ്സിന്റെ അന്വേഷണം നടന്നുവരികയാണ്. നല്ലേപ്പുള്ളി-പട്ടഞ്ചേരി സർവീസ് സഹകരണ ബാങ്കിൽ നടന്ന തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് ശ്രീ. കെ. അച്യുതൻ എം.എൽ.എ. വനിതാ/കമ്മിഷനു കൊടുത്ത പരാതി സംബന്ധിച്ച് വനിതാ കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

(3) ഇരിക്കൂർ മണ്ഡലത്തിലെ ശ്രീകണ്ഠപുരം മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിനുനേരെ നടന്ന ആക്രമണം

ശ്രീ. കെ.സി. ജോസഫ് : സർ, അങ്കമാലി ആസ്ഥാനമാക്കിയുള്ള കോൺഫെഡറേഷൻ ഓഫ് സെന്റ് തെരേസാസ് ബ്രദേഴ്സ് എന്റെ നിയോജക മണ്ഡലത്തിലെ കൂട്ടുമുഖത്തു ഒരു സ്കൂൾ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം. അങ്കമാലി ആശുപത്രിയുടെ ആക്രമണം കഴിഞ്ഞു. വീണ്ടും അങ്കമാലിക്കാരോടുള്ള വൈരാഗ്യം തീർന്നിട്ടില്ല. കൂട്ടുമുഖത്ത്

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തിക്കുന്ന മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ഒരു സംഘം ആളുകൾ വെള്ളിയാഴ്ച രാത്രി കടന്നുചെന്ന് ട്രാൻസ്ഫോർമറിന്റെ ഫ്യൂസ് ഊരിയ ശേഷം സ്കൂളിന്റെ ഓഫീസിലുള്ള ജനലും മറ്റും അടിച്ചുതകർത്തു, കാരണമെന്താണെന്നറിയാമോ? ആ സ്കൂൾ ബസ്സിലെ ഒരു ക്ലീനറെ പിരിച്ചുവിട്ടു. പിരിച്ചുവിടാനുള്ള കാരണം ആ സ്കൂളിലെ വിദ്യാർത്ഥിനികളോട് അയാൾ അപമര്യാദയായി പെരുമാറിയതാണ്. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. അയാളെ പിരിച്ചുവിട്ടതിന്റെ പേരിൽ സി.ഐ.ടി.യു.വിന്റെ ആഭിമുഖ്യത്തിൽ അവിടെ ഒരാഴ്ചയായി സമരമാണ്. വെള്ളിയാഴ്ച വൈകുന്നേരം സ്കൂളിനു മുമ്പിൽ സി.ഐ.ടി.യു.ക്കാർ പ്രകടനവും പൊതുയോഗവും നടത്താൻ തീരുമാനിച്ചിരുന്നു. അന്നു രാത്രിയാണ് ഈ സംഭവമുണ്ടായത്. വിദ്യാർത്ഥിനികളെ ശല്യപ്പെടുത്തിയ ഗിരീഷ് എന്നുപറയുന്ന ക്ലീനറെയാണ് പിരിച്ചുവിട്ടത്. ഇക്കാര്യത്തിൽ ദയവായി ഗവൺമെന്റ് ശ്രദ്ധിക്കണം. വിദ്യാർത്ഥിനികളോട് അപമര്യാദയായി പെരുമാറിയ ക്ലീനറെ പിരിച്ചു വിടാൻ അവകാശമില്ലേ? സി.ഐ. മുൻകൈയെടുത്തുകൊണ്ട് ഇന്നലെ അവിടെ ഒരു കോൺഫറൻസു വിളിച്ചുകൂട്ടി. സി.ഐ.ടി.യു.ക്കാർ പറയുന്നത് ഇയാളെ തിരിച്ചെടുക്കാതെ സ്കൂൾ പ്രവർത്തിക്കാൻ സമ്മതിക്കില്ല എന്നാണ്. എനിക്ക് ഇവിടെ അഭ്യർത്ഥിക്കാനുള്ളത് ദൗർഭാഗ്യകരമായ രീതിയിൽ സ്കൂളിൽ വരുത്തിയ സംഭവങ്ങളെപ്പറ്റി ദയവായി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണം. കേസന്വേഷണം ഊർജ്ജിതമാക്കുന്നതോടൊപ്പം കുറ്റവാളികളെ അറസ്റ്റു ചെയ്യണം. സ്കൂളിനാവശ്യമായ സംരക്ഷണവും കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, കണ്ണൂർ ശ്രീകണ്ഠപുരം പൊടിക്കളത്തെ മേരിഗിരി ഇംഗ്ലീഷ് മീഡിയം സ്ക്കൂളിനുനേരെ 9.7.99-ന് രാത്രി ആരോ ഫ്യൂസ് കാരറുകൾ വലിച്ചെറിഞ്ഞു. ഇതുമൂലം ഓഫീസ് മുറിയുടെ ഏതാനും ജനൽ ഗ്ലാസ്സുകൾ പൊട്ടിപ്പോയി. സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിരുന്ന ട്രാൻസ്ഫോമറിന്റെ ഫ്യൂസുകൾ ഊരി വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനുശേഷമാണ് ആക്രമണം നടത്തിയത്. ഇതുസംബന്ധിച്ച് ശ്രീകണ്ഠപുരം പോലീസ് സ്റ്റേഷനിൽ ക്രൈം 110/99-ാം നമ്പരായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചു വരുന്നു. അക്രമം കാണിച്ചവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുവാൻ കണ്ണൂർ ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) എറണാകുളത്തെ ഫയർസ്റ്റേഷനിലെ സൗകര്യങ്ങളുടെ അപര്യാപ്തത

ശ്രീ. സെബാസ്റ്റ്യൻ പോൾ : സർ, വളരെ ഗുരുതരമായ അപകട സാധ്യതകളുടെ മദ്ധ്യേ സ്ഥിതി ചെയ്യുന്ന ഒരു നഗരമാണ് കൊച്ചി. കാർഗിൽ പ്രശ്നം നടന്നപ്പോൾ പാകിസ്ഥാന്റെ ആക്രമണമുണ്ടാകുകയാണെങ്കിൽ ആക്രമണ സാധ്യതയുള്ള ഇൻഡ്യയിലെ നഗരങ്ങളിലൊന്നായി കൊച്ചി അന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അവിടെ ഇന്ന് പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷൻ വളരെ അപര്യാപ്തമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. ആ അസൗകര്യങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. പത്തും പന്ത്രണ്ടും നിലകളുള്ള കെട്ടിടങ്ങൾ സർവ്വസാധാരണമായ നഗരത്തിൽ മൂന്ന് നിലയ്ക്ക് മുകളിലേയ്ക്ക് തീ അണയ്ക്കുന്നതിന് സൗകര്യമില്ലാത്ത ഫയർ സ്റ്റേഷനാണ് ഉള്ളത്. ആംബുലൻസ് സൗകര്യമില്ല, ആവശ്യത്തിനുള്ള വാഹനങ്ങളില്ല, വെള്ളം എടുക്കുന്നതിനുള്ള ഹൈഡ്രന്റില്ല, വാതക ചോർച്ചയുണ്ടായാൽ അത് കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനമില്ല. ഈ അപ

LIBRARY ARCHIVES Kerala Legislative Assembly